"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് -ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളായ നെന്മാറ, ഇലവഞ്ചേരി, കൊല്ലംകോട്, മേലാർകോട്, പല്ലശ്ശന തുടങ്ങിയ പഞ്ചായത്തുകളിൽ ഭൂമിയുള്ള തോട്ടം തൊഴിലാളികൾക്ക് ഭവനാനുകൂല്യത്തിന് ലൈഫ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക- അതത് ഗ്രാമപഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി)വകുപ്പ്**

**സ.ഉ.(സാധാ) നം.2997/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/11/2018**

---

പരാമർശം:- 1 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്ത്

2 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.10.2018-ലെ A1-686/18 നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം. 4.32.

**ഉത്തരവ്**

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം ലൈഫ് പദ്ധതിയ്ക്ക് വേണ്ടി 2,32,00,000- രൂപ വകയിരുത്തിയിട്ടുണ്ട്. തുച്ഛമായ വരുമാന മാർഗ്ഗമുള്ള തോട്ടം തൊഴിലാളികളിൽ 114 പേർ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നെല്ലിയാമ്പതിയിൽ സ്വകാര്യ ഭൂമി ഇല്ലാത്തുകൊണ്ട് തൊട്ടടുത്ത് 15 ഓളം ഗ്രാമപഞ്ചായത്തുകളിലാണ് ഇവർ ഭൂമി വാങ്ങിയിട്ടുള്ളത്. ഇവരിൽ നെന്മാറ ഗ്രാമപഞ്ചായത്തിൽ 71 പേരും അയിലൂർ ഗ്രാമപഞ്ചായത്തിൽ 11 പേരും ബാക്കിയുള്ളവർ എലവഞ്ചേരി, കൊല്ലങ്കോട്, മേലാർക്കോട്, പല്ലശ്ശന തുടങ്ങി പഞ്ചായത്തുകളിലാണ് ഭൂമി വാങ്ങിയിട്ടുള്ളത്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ ഗുണഭോക്താക്കളെ ലൈഫ് മിഷൻ സോഫ്റ്റ് വെയർ വഴി മേൽ പഞ്ചായത്തുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

2. ലൈഫ് പദ്ധതിയ്ക്ക് വേണ്ടി വകയിരുത്തിയ തുക നെല്ലിയാമ്പതി

ഗ്രാമപഞ്ചായത്തിന് നേരിട്ട് ചെലവഴിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ തുക ലൈഫ് മിഷൻ മുഖേനയോ, ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്കോ കൈമാറുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

3. വികേന്ദ്രീകൃത സംസ്ഥാനതല ആസൂത്രണ കോഓർഡിനേഷൻ സമിതി ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളായ നെന്മാറ, ഇലവഞ്ചേരി, കൊല്ലംകോട്, മേലാർകോട്, പല്ലശ്ശന തുടങ്ങിയ പഞ്ചായത്തുകളിൽ ഭൂമിയുള്ള തോട്ടം തൊഴിലാളികൾക്ക് ഭവനാനുകൂല്യത്തിന് ലൈഫ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക അതത് ഗ്രാമപഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്യാൻ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നെല്ലിയാമ്പതി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ